**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5998** **19/11/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്കിന്റെ അന്തിമ അനുമതിയിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളുടെ തീർപ്പുകൾക്ക് വിധേയമായി മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുവാൻ റിസർവ്വ് ബാങ്ക് അന്തിമ അനുമതി നൽകിയിട്ടുണ്ട്. 2020 മാർച്ച് 31 വരെ ആയതിന് സമയം അനുവദിക്കപ്പെട്ടിട്ടുണ്ട്. ടി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ബാങ്ക് രൂപീകരണത്തിന് മറ്റ് തടസ്സങ്ങളൊന്നുമില്ല. |
| (ബി) | നിർദ്ദിഷ്ട കേരള ബാങ്കിന്റെ ഭരണ സമിതി ഘടനയെ സംബന്ധിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുക ; | (ബി) | സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടായിരിക്കും ഭരണ സമിതിയുടെ ഘടന |
| (സി) | സ്വകാര്യ, ന്യൂ ജനറേഷൻ ബാങ്കുകളിൽ നിന്ന് വ്യത്യസ്തമായി കേരള ബാങ്കിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | ജനങ്ങളുടെ ബാങ്ക് എന്ന നിലയിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായതും ഒളിഞ്ഞിരിക്കുന്ന ചാർജ്ജുകൾ ഈടാക്കാത്തതും എല്ലാവിധ ആധുനിക ബാങ്കിംഗ് സേവനങ്ങളും നൽകാൻ കഴിയുന്നതുമായ ബാങ്ക് എന്ന രീതിയിലാണ് കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.